# വരുന്നു, മലയാളിയുടെ അനന്തവികസനം

സി. ആർ. നീലകണ്ഠൻ നമ്പൂതിരി

അങ്ങനെ കേരളത്തിന്റെ വികസനത്തിന്റെ ലക്ഷ്യം നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. സായിപ്പിന്റെ ഭാഷയിൽ നിന്നു പകർത്തിയാൽ 'ആകാശം മാത്രം പരിധി' (ഓൺലി സ്കൈ ഈസ് ദി ലിമിറ്റ്). സംസ്ഥാന സർക്കാർ നടത്താൻ പോകുന്ന 'ആഗോള നിക്ഷേപ സംഗമം' (ജിം -2000) അതിന്റെ മുദ്രയായി സ്വീകരിച്ചിരിക്കുന്നത് ഗണിതശാസ്ത്രത്തിൽ 'അനന്തം' (ഇൻഫിനിറ്റി)എന്നു സൂചിപ്പിക്കുന്ന ചിഹ്നമാണ്. കേരളം അനന്തവികസനത്തിലേക്ക്...... ഇതിനായി മന്ത്രിമാരും സംഘവും വിദേശപര്യടനത്തിനു പോകുന്നു. വിദേശ നിക്ഷേപകരെ ഇന്ത്യയിലേക്കു ക്ഷണിക്കുമ്പോൾ നമ്മുടെ നാട്ടിൽ പണം ഇല്ലാഞ്ഞിട്ടാകുമെന്നല്ലേ കരുതുക? ദേശസാൽകൃത-സഹകരണ മേഖലയിലെ ബാങ്കുകളിലെ മാത്രം കണക്കെടുത്താൽ 50,000 കോടി രൂപ ഇന്നാട്ടിലുണ്ടാകും(നിക്ഷേപകരിൽ നിന്നും വായ്പകൾ കുറച്ചാൽ കിട്ടുന്നതും).

ഈ പണം എന്തു വികസനത്തിനാണ് കൊണ്ടുവരുന്നത്? "എവിടെ വേണമെങ്കിലും പണം മുടക്കാൻ അവർക്ക് (വിദേശിക്ക്) സൗകര്യമുണ്ടാക്കുന്ന നയമാണ് സർക്കാരിന്റേത്" എന്ന് വ്യവസായമന്ത്രിയും 'ജിമ്മി'ന്റെ പ്രധാന സംഘാടകനായ ജിജി തോംസണും പറയുന്നു. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ 'ആവശ്യമായ' പരിഷ്കാരങ്ങൾ' തുടങ്ങിക്കഴിഞ്ഞു. വിവരസാങ്കേതികവിദ്യ(ഐ. ടി), ജൈവ സാങ്കേതികവിദ്യ(ബി. ടി), ടൂറിസം എന്നിവയിലേക്കു കൊണ്ടുവരുന്നതിനാണ് മുൻഗണനയെന്നും മന്ത്രി വ്യക്തമാക്കി കഴിഞ്ഞു. വിദ്യാഭ്യാസരംഗത്ത് മുതൽമുടക്കിന് രണ്ടു മാതൃകകൾ പാസാക്കി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. തിരുവനന്തപുരത്താണ് രണ്ടും. 100കോടി ചിലവഴിച്ച് ഒരു അന്താരാഷ്ട്ര സ്കൂളും 1000കോടിയിലധികം ചിലവഴിച്ച് ഒരു ഐ. ഐ. ടിയും. (കേന്ദ്ര സർക്കാർ നടത്തുന്ന ചെന്നൈ, മുംബൈ, ദില്ലി തുടങ്ങിയ സ്ഥലങ്ങളിലേതു പോലെ) എന്നാൽ ഈ സ്ഥാപനങ്ങളിലൊന്നും നമ്മുടെ കുട്ടികൾക്ക് കയറാനാവില്ല. പ്രതിമാസം ആയിരക്കണക്കിനു ഡോളർ നൽകാവുന്നവർക്കു മാത്രം പ്രവേശനം. ദരിദ്രർ പഠിക്കുന്ന സ്കൂളുകൾ പൂട്ടുകയും അവിടെ ഉച്ചക്കഞ്ഞിക്കും ചോക്കു വാങ്ങാനും പണം നൽകാതിരിക്കുകയും ചെയ്യുന്ന സർക്കാരാണ് ഈ വികസനത്തിന് വഴിയൊരുക്കുന്നത്.

ആരോഗ്യരംഗത്ത് ഫൈവ്സ്റ്റാർ ആശുപത്രികൾ തന്നെ(മെഡിക്കൽ അഥവാ മേടിക്കൽ കോളേജുകളും). ഇവിടെ ദരിദ്രർ കയറുന്നത് കിഡ്നിയടക്കമുള്ള അവയവങ്ങൾ വിൽക്കാൻ മാത്രമാകും. കുടി

(ശേഷം 3 -ാം പേജിൽ)